# കേരള സർക്കാർ

## സംസ്ഥാന പപുരാരേഖാ വകുപ്പ്

നമ്പർ. എംഎം. 4517/11/എസ്എ                                    തീയതി :   20 -06-2011

## ക്വട്ടേഷൻ നോട്ടീസ്

സംസ്ഥാന പുരാരേഖാ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന വാഹനം അതിന്റെ ഇപ്പോഴത്തെ നിലയിലും അവസ്ഥയിലും ക്വട്ടേഷൻ വ്യവസ്ഥയിൽ വില്ക്കുന്നതിനായി മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

KL 01 Q4950, നമ്പർ അംബാസിഡർ കാർ, 1999 മോഡൽ അംബാസിഡർ 1SUZU

മേൽപ്പറഞ്ഞ വാഹനത്തിന് ക്വട്ടേഷൻ നൽകാൻ താല്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ നിരതദ്രവ്യമായി 350/- രൂപയുടെ (മുന്നൂറ്റി അമ്പത് രൂപാ മാത്രം)ഡിമാന്റ് ഡ്രാഫ്റ്റ്,ഡയറക്ടർ, ആർക്കൈവ്സ് ഡയറക്ടറേറ്റ്, നളന്ദ, നന്തൻകോട്, കവടിയാർ.പപി.ഒ., തിരുവനന്തപുരം എന്ന പേരിൽ ക്വട്ടേഷനോടൊപ്പം അയച്ചുതരേണ്ടതാണ്. ക്വട്ടേഷൻ ഉൾക്കൊള്ളുന്ന കവറിനു പുറത്ത് 'വാഹന ക്വട്ടേഷൻ സംബന്ധിച്ച്' എന്ന് രേഖപ്പെടുത്തിയിരിക്കേണ്ടതാണ്. ക്വട്ടേഷനുകൾ 19-07-2011 രാവിലെ 12 മണിയ്ക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്. അന്നേദിവസം വൈകുന്നേരം 4 മണിയ്ക്ക് ആർക്കൈവ്സ് ഡയറക്ടറേറ്റിൽ വച്ച് ക്വട്ടേഷനുകൾ തുറന്നു പരിശോധിക്കുന്നതാണ്. തദവസരത്തിൽ ക്വട്ടേഷനുകൾ നൽകുന്നവർക്കൊ അവരുടെ അംഗീകൃത പ്രതിനിധികൾക്കോ താല്പര്യമുള്ള പക്ഷം സന്നിഹിതരാകാവുന്നതാണ്. ക്വട്ടേഷനുകൾ അംഗീകാരത്തിന് വിധേയമായി ഉറപ്പിച്ച് അറിയിപ്പ് നൽകുന്നതും അറിയിപ്പ് കൈപ്പറ്റി 10 ദിവസത്തികനം ക്വട്ടേഷൻ തുകയും വില്പന നികുതിയും (VAT) അടച്ച് സ്വന്തം ചെലവിൽ വാഹനം കൊണ്ടുപോകേണ്ടതുമാണ്. ഏതെങ്കിലും കാരണവശാൽ ക്വട്ടേഷൻ തുറന്നു പരിശോധിക്കുന്ന ദിവസം അവധിയാണെങ്കിൽ അടുത്ത പ്രവൃത്തി ദിവസം ക്വട്ടേഷൻ ഉറപ്പിച്ചു നൽകുന്നതാണ്. യാതൊരു കാരണവും കാണിക്കാതെ ക്വട്ടേഷൻ മാറ്റി വയ്ക്കാനോ, നിരസിക്കുന്നതിനോ ഉള്ള അധികാരം ആർക്കൈവ്സ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. തല്പരരായ വ്യക്തികൾക്ക് ടി വാഹനം പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 11 മണി മുതൽ 4 മണിവരെ ആർക്കൈവ്സ് ഡയറക്ടറേറ്റിൽ വച്ച് പരിശോധിക്കാവുന്നതാണ്.

ആർക്കൈവ്സ് ഡയറക്ടർ

ആർക്കൈവ്സ് ഡയറക്ടറേറ്റ്
നളന്ദ, തിരുവനന്തപുരം.